# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 30

# വാർത്താക്കുറിപ്പ്

---

## എൽ.എൽ.ബി. പരീക്ഷകൾ മാറ്റി

അഫിലിയേറ്റഡ് കോളജുകളിൽ ഇന്ന മുതൽ (ഒക്ടോബർ 31) നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ എൽ.എൽ.ബി.(ത്രിവത്സരം- 2016 അഡ്മിഷൻ റഗുലർ, 2010-2015 അഡ്മിഷൻ സപ്ലിമെന്ററി, 2009 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്/2009 വരെയുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്), പത്താം സെമസ്റ്റർ എൽ.എൽ.ബി.(പഞ്ചവത്സരം- 2007-2010 അഡ്മിഷൻ സപ്ലിമെന്ററി/2006 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്/2006 വരെയുള്ള അഡ്മിഷൻ രണ്ടാംമേഴ്സി ചാൻസ് -കോമൺ) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1912/2019)

## വൈവാവോസി മാറ്റി

നവംബർ നാലിന് മഹത്മാഗാന്ധി സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പ്രൈവറ്റ് ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി നവംബർ ഏഴിലേക്ക് മാറ്റി. മറ്റ് വൈവ പരീക്ഷകൾക്ക് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1913/2019)

## പി.എച്ച്.ഡി. നൽകി

കെമിസ്ട്രിയിൽ ഇ.പി. അപർണ, സലിൻസി തോമസ്, എച്ച്. അഖിന, പി.കെ. സന്ധ്യ, സി. ജിഷ, ആർ. വിദ്യ, മാത്തമാറ്റിക്സിൽ കെ.ആർ. രജിത, പി.എസ്. അജിത, ബയോകെമിസ്ട്രിയിൽ ഹെലൻ റൈസ ലാൽ, കെ. വീണ രവീന്ദ്രൻ, കെമിസ്ട്രിയിൽ (നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി) എസ്. ലക്ഷ്മിപ്രിയ, എ.ആർ. അജിത, എജ്യൂക്കേഷനിൽ ജി. സിന്ധു, കമ്പ്യൂട്ടർ സയൻസിൽ പി.എം. വിദ്യ, ഫിസിക്സിൽ വി.ജി. ശ്രീജ, ബിന്ദു ജി. നായർ, കെ. കീർത്തി, അൻഷിദ മായീൻ, ഫാർമസിയിൽ കിഴക്കേപുരയ്ക്കൽ ശാലിനി, റിഹാബിലിറ്റേഷൻ നഴ്സിംഗിൽ മേഴ്സി ജേക്കബ്, ആശ ശിവരാമൻ, സുവോളജിയിൽ എസ്. രേവതി, ബോട്ടണിയിൽ അജി എബ്രഹാം, സൂര്യ സുകുമാരൻ, എൻ.കെ. ഷാഹിന, ഡെന്റിസ്ട്രിയിൽ ഇന്ദു രാജ്, ഇക്കണോമിക്സിൽ വിനു ഗോവിന്ദ്, ഗീത ലക്ഷ്മി, റിനു ജോസ്, എം. സുമതി, എം.എസ്. മധുസൂദനൻ നായർ, വിധു ജോൺസൺ, ജോബെൻ കെ. ആന്റണി, സോഷ്യൽ വർക്കിൽ കെ.ടി. വർഗീസ്, രശ്മി നായർ, ടീനു ടെല്ലെൻസ്, അലക്സ് ജെ. വെള്ളാപ്പള്ളി, പൊളിറ്റിക്കൽ സയൻസിൽ ബിന്ദു ജോസ്, ഇംഗ്ലീഷിൽ എസ്. സുരഭി മുതേ, നീനമോൾ സെബാസ്റ്റ്യൻ, കൊമേഴ്സിൽ സുൽഫിയ സമദ്, ലീന വർഗീസ്, വരുൺ വി. വർഗീസ്, ലാലി ആന്റണി, വിനർഷ, ജോഷിൻ ജോസഫ്, ബിനു മാത്യു ജോബ്, മലയാളത്തിൽ സിജി ചാക്കോ, പി.ആർ. സൗമ്യ, ഇ.എസ്. മഞ്ജുഷ, രേണു, അഭിലാഷ് ഡൊമിനിക്, ഷീജ ഗോപിനാഥ്, സുജ ചാക്കോ, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ ജിപ്സൺ വി. പോൾ, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ എം.എസ്. സരിത എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ/39/1914/2019)

## പരീക്ഷഫലം

2019 ഒക്ടോബറിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1915/2019)

2019 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എച്ച്.എം. (2018 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ മുതൽ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ ബി.എച്ച്.എം. (2017 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1916/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ഇൻഫർമേഷൻ ടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1917/2019)

2019ൽ നടന്ന നാലാം സെമസ്റ്റർ എം.എ./എം.എസ്‌സി. ഫൈറ്റോമെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1918/2019)

## വി.എസ്. പ്രവീൺകുമാർ ആസൂത്രണ-
## വികസന സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ

മഹാത്മാ ഗാന്ധി സർവകലാശാല ആസൂത്രണ - വികസന സിൻഡിക്കേറ്റ് ഉപസമിതി കൺവീനറായി പ്രൊഫ. വി.എസ്. പ്രവീൺകുമാറിനെ നിയോഗിച്ചു.

(പി.ആർ.ഒ/39/1919/2019)

## എം.ജിയിൽ കേരളപ്പിറവി- മലയാള ദിനാഘോഷവും
## ഭരണഭാഷ വാരാഘോഷവും

മലയാള ദിനാഘോഷത്തോടും ഭരണഭാഷ വാരാഘോഷത്തോടും അനുബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാലയിൽ വിപുലമായ പരിപാടികൾ സംഘടിപ്പിക്കും. മലയാള ദിനത്തോടനുബന്ധിച്ച് നവംബർ ഒന്നിന് രാവിലെ 11ന് സർവകലാശാല ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞയെടുക്കും. കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷനും എൻ.എസ്.എസും ഡി.എൽ.എൽ.ഇ. പൂർവവിദ്യാർഥി സംഘടനയും സംയുക്തമായി സംഘടിപ്പിക്കുന്ന 'ഫാർമർ ഫസ്റ്റ്' കർഷകരെ ആദരിക്കലും കാർഷിക പ്രഭാഷണവും രാവിലെ 11.30ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിക്കും. ജൈവകർഷകൻ കെ.വി. ദയാലിനെ ആദരിക്കും. സിൻഡിക്കേറ്റംഗങ്ങളായ ഡോ. അജി സി. പണിക്കർ, ഡോ. എം.എസ്. മുരളി, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഡി.എൽ.എൽ.ഇ. പൂർവവിദ്യാർഥി സംഘടന പ്രസിഡന്റ് എം.കെ. സെബാസ്റ്റിയൻ എന്നിവർ പങ്കെടുക്കും. കർഷകനും കൃഷിയും; മാറേണ്ട കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ കെ.വി. ദയാൽ പ്രഭാഷണം നടത്തും.

ഭരണഭാഷ വാരാഘോഷത്തോടനുബന്ധിച്ച് സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ 'മലയാളവും മലയാളിയും' എന്ന വിഷയത്തിൽ പ്രബന്ധരചന മത്സരം സംഘടിപ്പിക്കും. സർവകലാശാല ജീവനക്കാർക്കും വിദ്യാർഥികൾക്കും പങ്കെടുക്കാം. പ്രബന്ധങ്ങൾ ഡയറക്ടർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം എന്ന വിലാസത്തിൽ നൽകണം. സർവകലാശാല ജീവനക്കാർക്കും വിദ്യാർഥികൾക്കുമായി കവിതചൊല്ലൽ മത്സരവും 'ഭാഷ, സാഹിത്യം, സംസ്കാരം' എന്ന വിഷയത്തിൽ ക്വിസ് മത്സരവും സംഘടിപ്പിക്കും.

കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ എല്ലാ കാമ്പസുകളിലും കൃഷിയുടെ മാഹാത്മ്യം, പരമ്പരാഗത കൃഷി രീതികൾ, നെൽവിത്തിനങ്ങൾ, ജൈവകൃഷി, ആധുനിക കൃഷി സാങ്കേതിക വിദ്യകൾ, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കൽ എന്നിവ പരിചയപ്പെടുത്തുന്ന പരിപാടികൾ സംഘടിപ്പിക്കും.

(പി.ആർ.ഒ/39/1920/2019)

## എം.ജിയിൽ ഇന്ന്
## ദേശീയ ഐക്യദിനാചരണം

മുൻ കേന്ദ്രമന്ത്രി സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനവാർഷികദിനത്തോടനുബന്ധിച്ച് ഇന്ന്(ഒക്ടോബർ 31) ദേശീയ ഐക്യദിനമായി ആചരിക്കും. സർവകലാശാല ഭരണവിഭാഗം ചത്വരത്തിൽ രാവിലെ 10.15ന് നടക്കുന്ന ചടങ്ങിൽ ജീവനക്കാർ രാഷ്ട്രീയ ഏക്താ ദിവസ് പ്രതിജ്ഞയെടുക്കും. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

(പി.ആർ.ഒ/39/1921/2019)

## സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സേവനം

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ പ്രവർത്തിക്കുന്ന ഡിസബിലിറ്റി റീഹാബിലിറ്റേഷൻ എയർലി അസസ്മെന്റ് ആന്റ് മാനേജ്മെന്റ് സർവീസസിൽ (ഡ്രീംസ്) പൊതുജനങ്ങൾക്കായി ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം എല്ലാ ബുധനാഴ്ചകളിലും രാവിലെ 10 മുതൽ വൈകീട്ട് നാലുവരെ ലഭ്യമാണ്. സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം തിങ്കൾ മുതൽ വെള്ളി വരെ ലഭ്യമാണ്. വിശദവിവരത്തിന് ഫോൺ: 0481-2731580, 9846735917. ഇമെയിൽ: iucdsmgu@gmail.com.

(പി.ആർ.ഒ/39/1922/2019)

## കേരള ചരിത്ര കോൺഗ്രസ്; ദീപേഷ് ചക്രബർത്തിയുടെ പ്രഭാഷണം നവംബർ മൂന്നിന് എം.ജി.യിൽ

അഞ്ചാമത് കേരള ചരിത്ര കോൺഗ്രസിന്റെ മുന്നോടിയായി സംഘടിപ്പിക്കുന്ന രാജ്യാന്തര പ്രഭാഷണ പരിപാടി നവംബർ മൂന്നിന് രാവിലെ 10ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് കോൺഫറൻസ് ഹാളിൽ നടക്കും. 'ആഗോളവൽക്കരണത്തിനും ആഗോളതാപനത്തിനുമിടയിൽ; മനുഷ്യചരിത്രത്തിലെ മാറുന്ന തെറ്റായ രേഖകൾ' എന്ന വിഷയത്തിൽ ചിക്കാഗോ സർവകലാശാലയിലെ അധ്യാപകൻ പ്രൊഫ. ദീപേഷ് ചക്രബർത്തി പ്രഭാഷണം നടത്തും.

പ്രഭാഷണപരിപാടി പ്രൊ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, കേരള ചരിത്ര കോൺഗ്രസ് ജനറൽ സെക്രട്ടറി ഡോ. എൻ. ഗോപകുമാരൻ നായർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, എസ്.ജി.റ്റി.ഡി.എസ്. ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്യാസ്, കേരള ചരിത്ര ഗവേഷണ കൗൺസിൽ ഡയറക്ടർ പ്രൊഫ. സനൽ മോഹൻ, കെ.എ. മഞ്ജൂഷ എന്നിവർ പങ്കെടുക്കും. മഹാത്മാ ഗാന്ധി സർവകലാശാലയും കേരള ചരിത്ര കോൺഗ്രസും ചിക്കാഗോ സർവകലാശാല ഡൽഹി കേന്ദ്രവും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

(പി.ആർ.ഒ/39/1923/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ